**COCHIN DEVASWOM BOARD**
**Round North, Thrissur – 680 001**
PH: 2331124, 2327028 FAX : 2335874, 2327029
E-mail. admin @cochindevaswomboard.org.

No. R.9768/2021 Dated: 12/12/2024

<u>പരസ്യം</u>

2022 ഓണം നവരാത്രി എക്സിബിഷനോടനുബന്ധിച്ച് സ്റ്റാളുകൾ ഏറ്റെടുത്ത വ്യക്തികൾ വാടക അടക്കാതെ സ്റ്റാളുകളിൽ ഉപേക്ഷിച്ച് പോയ കച്ചവടസാധനസാമഗ്രികൾ ലേലം ചെയ്ത് ദേവസ്വത്തിലേക്ക് മുതൽകൂട്ടുന്നതിനും, കൂടാതെ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിലെ പഴയ ഇരുമ്പ് മരം ഉരുപ്പടികളും, വാഹനങ്ങളുടെ കേടായ ടയറുകളും മറ്റും ലേലം ചെയ്ത് സംഖ്യ ദേവസ്വത്തിലേക്ക് മുതൽകൂട്ടുന്നതിന് നിശ്ചയിച്ചിട്ടുള്ളതാണ്.

<u>കച്ചവട സാധനസാമഗ്രികൾ</u>

കിച്ചൺ ടൂൾസ്
ഇലക്ട്രോണിക് കോസ്റ്റും
ബോഡി മസ്സാജർ
നഴ്സറി (ചെടികൾ ഒഴിച്ച് അനുബന്ധ ഉപകരണങ്ങൾ)
പഴയ ഇരുമ്പ് ഉരുപ്പടികൾ
പഴയ ഉപയോഗയോഗ്യമല്ലാത്ത ടയറുകൾ, പ്ലാസ്റ്റിക് സാധനങ്ങൾ

മേൽ പറഞ്ഞ ഉരുപ്പടികൾ 19/12/2024 തിയ്യതി 3.00 PM ന് തൃശ്ശൂർ റൗണ്ട് നോർത്തിലുള്ള കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ വെച്ച് പരസ്യമായി ലേലം നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി 5,000/- ക അടക്കേണ്ടതാണ്. നിരതദ്രവ്യം അടക്കാത്ത ആരേയും ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല. ലേലം കൊണ്ട വ്യക്തികൾ ലേല സംഖ്യയും നിയമാനുസൃത ജി.എസ്.ടി യും അടക്കം ഉള്ള സംഖ്യ തത്സമയം തന്നെ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ അടച്ച് രശീതി കൈപ്പറ്റേണ്ടതും, ലേലം കൊണ്ട വസ്തുക്കൾ അന്നേ ദിവസം തന്നെ കൊണ്ടു പോയി സ്ഥലം ഒഴിവാക്കി നൽകേണ്ടതാണ്. ലേലം കൊണ്ട വ്യക്തികൾ സാധനസാമഗ്രികൾ അവരവരുടെ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും നീക്കം ചെയ്യേണ്ടതാണ്. ലേലം ചെയ്ത വസ്തുവഹകൾ നീക്കം ചെയ്യുന്നതിന്

കാലതാമസം വരുന്നപക്ഷം ആയതിൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കൊച്ചിൻ ദേവസ്വം ബോർഡ് ഉത്തരവാദി ആയിരിക്കില്ല.

ലേലം ലഭിക്കാത്ത വ്യക്തികൾക്ക് നിരതദ്രവ്യമായി അടച്ച സംഖ്യ തിരികെ നൽകുന്നതും, ലേലം കൊണ്ട വ്യക്തികൾക്ക് സാധനസാമഗ്രികൾ പൂർണ്ണമായും കൊണ്ടു പോയി എന്ന് ഉറപ്പ് വരുത്തി നിരതദ്രവ്യമായി അടച്ച സംഖ്യ പലിശ രഹിതമായി തിരികെ നൽകുന്നതാണ്.

ലേലം ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ നിർത്തിവെക്കുന്നതിനോ, മറ്റ് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് താഴെ ഒപ്പിടുന്ന ഉദ്യോഗസ്ഥന്/ഉദ്യോഗസ്ഥക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

ഈ പരസ്യത്തെ കുറിച്ച് കൂടുതൽ അറിയുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

പി.ബിന്ദു
സെക്രട്ടറി
കൊച്ചിൻ ദേവസ്വം ബോർഡ്